# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3719 — 17.12.2015 ൽ മറുപടിയ്ക്ക്

## പോലീസിൽ ജോലി നല്കാമെന്ന വ്യാജേന നടത്തിയ തട്ടിപ്പ് കായംകുളത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ സദാശിവൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കായംകുളത്ത് പോലീസിൽ ജോലി വാഗ്ദാനം നൽകിയ തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ; | (എ) പോലീസിൽ ഡ്രൈവർ, വനിതാ പോലീസ്, സിവിൽ പോലീസ് ഓഫീസർ, സബ്ബ് ഇൻസ്പെക്ടർ , വനിതാ സബ്ബ് ഇൻസ്പെക്ടർ തുടങ്ങിയ വിവിധ തസ്തികകളിൽ ജോലി നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ചും വ്യാജരേഖകൾ ചമച്ചും നിരവധി ആൾക്കാരിൽ നിന്നും ഒറിജിനൽ അടക്കമുള്ള സർട്ടിഫിക്കറ്റുകളും, ഐഡന്റിന്റി കാർഡുകളും മറ്റും കൈക്കലാക്കി 50,000/- രൂപ മുതൽ മൂന്ന് ലക്ഷം രൂപ വരെയുള്ള തുകകൾ വിവിധ ആൾക്കാരിൽ നിന്ന് കൈപ്പറ്റി വിശ്വാസ വഞ്ചന നടത്തിയതിലേക്ക് ആലപ്പുഴ ജില്ലയിലുള്ള, കായംകുളം, കനകകുന്ന്, കരീലകുളങ്ങര, ഹരിപ്പാട്, അമ്പലപ്പുഴ, തൃക്കുന്നപ്പുഴ എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത 32 കേസുകൾ ക്രൈം നമ്പർ 144 മുതൽ 175/CR/APC/15 നമ്പരായി റീ രജിസ്റ്റർ ചെയ്ത് പോലീസ് സൂപ്രണ്ട് ആന്റിപൈറസി സെല്ലിന് 19.11.2015-ൽ കൈമാറിയിട്ടുണ്ട്. ക്രൈംബ്രാഞ്ചിന്റെ വിവിധ യൂണിറ്റുകളിൽ നിന്നും 15 ഓളം പോലീസുദ്യോഗസ്ഥരും, 2 കമ്പ്യൂട്ടർ വിദഗ്ദ്ധരും ഉൾപ്പെടെ കായംകുളം പോലീസ് സ്റ്റേഷനിലെ ജനമൈത്രി ഹാളിൽ ക്യാമ്പ് ചെയ്ത് ഈ കേസിന്റെ അന്വേഷണം ഊർജിതമായി നടത്തി വരുന്നു. കേസിൽ പ്രതി ചേർക്കപ്പെട്ട ശരണ്യ, ശരണ്യയുടെ പിതാവ് സുരേന്ദ്രൻ, ശരണ്യയുടെ മാതാവ് അജിത, ശരണ്യയുടെ ബന്ധുവായ ശംഭു എന്നിവരെ കായംകുളം പോലീസ് അറസ്റ്റ് ചെയ്ത് റിമാന്റിൽ കഴിഞ്ഞ് വരുന്നു. |

| | | | |
|---|---|---|---|
| | | | 20.11.2015 തീയതിയിൽ തിരുവനന്തപുരം ക്രൈംബ്രാഞ്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം (SIT) ടി 32 കേസുകൾ ഏറ്റെടുക്കുകയും, തുടരന്വേഷണത്തിൽ, പ്രതികളായ ശരണ്യയുടെ സഹോദരൻ ശരത്ത്, തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷനിൽ ഡ്യൂട്ടി നോക്കി വന്നിരുന്ന എസ്.സി.പി.ഒ 5488 പ്രദീപ് , ശരണ്യയുടെ ഭർത്താവായ പ്രദീപ്, നൈസിൽ എന്നിവരെ അറസ്റ്റ് ചെയ്യുകയും ബഹുമാനപ്പെട്ട കോടതി ഇവരെ14 ദിവസത്തേക്ക് റിമാന്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (ബി) | നാളിതുവരെ 10 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) | ഇതിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പങ്ക് ഉള്ളതായി വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ടി കേസിൽ തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷനിൽ ഡ്യൂട്ടി നോക്കി വന്നിരുന്ന എസ്.സി.പി.ഒ 5488 പ്രദീപിനെ ക്രൈംബ്രാഞ്ച് ക്രൈം നം.174/CR/APC/15 എന്ന കേസ്സിൽ അറസ്റ്റ് ചെയ്തിട്ടുള്ളതും, വ്യക്തമായ തെളിവുകളുടെയും, സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ കനകകുന്ന്, കരീലകുളങ്ങര, അമ്പലപ്പുഴ, ഹരിപ്പാട്, തൃക്കുന്നപ്പുഴ എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത 32 ക്രൈം കേസുകളിൽ ടിയാൻ ഒന്നാം പ്രതിക്ക് സഹായിയായും, സന്തത സഹചാരിയുമായി പ്രവർത്തിച്ചതായി തെളിയുകയും, ആയതിൻ പ്രകാരം ടി സംഭവത്തിൽ പ്രതി ചേർക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പോലീസുദ്യോഗസ്ഥർ ആർക്കെങ്കിലും കുറ്റകൃത്യത്തിൽ പങ്കുണ്ടോ എന്നതിനെക്കുറിച്ച് വിശദമായി അന്വേഷിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ